## കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ നടപടി ഉത്തരവ്

**(പൂർണ്ണ അധിക ചുമതല)**

**(ഹാജർ. ബീന.സി)**

വിഷയം:- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പാച്ചേനി ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ.മുഹമ്മദ് അൻസാരി.വി.എച്ച് അനധികൃതമായി അവധിയിൽ തുടരുന്നത് - സേവനത്തിൽ നിന്ന് നീക്കം ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:-

1. പാച്ചേനി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ പ്രധാനധ്യാപകന്റെ 18-10-2025 ലെ GHSP/2025-26 നമ്പർ കത്ത്.
2. ഈ കാര്യാലയത്തിലെ 29-10-2025 ലെ DDEKNR/7663/2025-A3 നമ്പർ കുറ്റപത്രം , കുറ്റാരോപണ പത്രിക.
3. പാച്ചേനി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ പ്രധാനധ്യാപകന്റെ 01-12-2025 ലെ GHSP/2025-26 നമ്പർ കത്ത്
4. ഈ കാര്യാലയത്തിലെ 08-12-2025 ലെ DDEKNR/7663/2025-A3 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് ഡയറക്ടറുടെ 19-02-2026 ലെ R.O/75/F2/2026/I&PRD നമ്പർ കത്ത്.

**ഉത്തരവ് നമ്പർ : DDEKNR/7663/2025-A3 തീയതി : 22-04-2026**

പാച്ചേനി ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ. മുഹമ്മദ് അൻസാരി.വി.എച്ച് ബി.എഡ് പഠനാവശ്യത്തിനായി 19-06-2023 മുതൽ 18-05-2025 വരെ ശൂന്യ വേതനാവധിയ്ക്ക് അപേക്ഷ നൽകിയിരുന്നു എന്നും ടിയാൻ 19-06-2023 മുതൽ തന്നെ അവധിയിൽ പ്രവേശിച്ചിരുന്നു എന്നും നാളിതുവരെയായി ടിയാളുടെ അവധി പാസായി വരുകയോ ശ്രീ. മുഹമ്മദ് അൻസാരി.വി.എച്ച് തിരികെ സേവനത്തിൽ പ്രവേശിക്കുകയോ ചെയ്തിട്ടില്ല എന്ന് പരാമർശം (1) പ്രകാരം പ്രധാനധ്യാപകൻ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

പരാമർശം (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്ന് ശ്രീ.മുഹമ്മദ് അൻസാരി.വി.എച്ച് ന കുറ്റപത്രം , കുറ്റാരോപണ പത്രിക എന്നിവ പ്രധാനാധ്യാപിക മുഖേന നൽകുകയും പരാമർശം (3) പ്രകാരം ടിയാന്റെ കൈപ്പറ്റ് രസീത് പ്രധാനാധ്യാപിക ഈ കാര്യാലയത്തിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. കുറ്റപത്രം കൈപ്പറ്റിയിട്ടും ടിയാന്റെ ഭാഗത്ത് നിന്ന് യാതൊരു മറുപടിയും ലഭ്യമായിരുന്നില്ല.

ധനകാര്യ വകുപ്പിന്റെ 30-12-2020 ലെ 83-2020/ധന സർക്കുലറിൽ അനധികൃതമായി അവധിയിൽ തുടരുന്നവരെ KSR Part I, Appendix XIIA യിലെ Rule 9 പ്രകാരം സർവീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ശ്രീ.മുഹമ്മദ് അൻസാരി.വി.എച്ച് അനധികൃതമായി അവധിയിൽ തുടരുന്നതിനാലും



R/7663/2025-A3 (Computer No. 1665856)
eOffice by VAISAKH PK, A3 DDE KNR, A3 DDE KNR, DEPUTY DIRECTOR OF GENERAL EDUCATION KANNUR on 27/04/2026 11:09 AM

ടിയാന്റെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത് കടുത്ത അച്ചടക്ക ലംഘനമാണ് എന്നതിനാലും പരാമർശം (4) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് പ്രധാനാധ്യാപിക മുഖേന നൽകിയിരുന്നു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് പത്രത്തിൽ പ്രസിദ്ധീകരിക്കുവാനായി നൽകുകയും ആയത് പരാമർശം (5) പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്യുകയുണ്ടായി.

പത്രത്തിൽ പ്രസിദ്ധപ്പെടുത്തി നാളിതുവരെയായി ശ്രീ.മുഹമ്മദ് അൻസാരി.വി.എച്ച് ന്റെ ഭാഗത്തു നിന്ന് യാതൊരു പ്രതികരണവും ലഭിക്കാത്ത സാഹചര്യത്തിൽ ടിയാന്റെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണ് എന്നതിനാൽ അച്ചടക്ക നടപടി സ്വീകരിക്കുവാൻ നിർബന്ധിതമായിരിക്കുകയാണ്. ടി സാഹചര്യത്തിൽ പാച്ചേനി ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ. മുഹമ്മദ് അൻസാരി.വി.എച്ച് ന്റെ പൊതുവിദ്യാഭ്യാസ വകുപ്പിലെ സേവനം KSR Part I Appendix XIIA, 1960 ലെ കേരള സിവിൽ സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V ചട്ടം 11 ൽ (1) (VII) പ്രകാരം ടിയാൾ അവധിയിൽ പ്രവേശിച്ച തീയ്യതിയായ 19-06-2023 അപരാഹ്നം മുതൽ പ്രാബല്യത്തിൽ വച്ച് അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
BEENA C
Date: 22-04-2026
16:18:52

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
(പൂർണ്ണ അധിക ചുമതല)
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, കണ്ണൂർ

സ്വീകർത്താവ് :

1. ശ്രീ. മുഹമ്മദ് അൻസാരി.വി.എച്ച് , ഓഫീസ് അറ്റൻഡന്റ് , (ഗവ.ഹയർ സെക്കണ്ടറി സ്കൂൾ , പാച്ചേനി മുഖേന)
2. പ്രധാനാധ്യാപിക , ഗവ.ഹയർ സെക്കണ്ടറി സ്കൂൾ , പാച്ചേനി
3. എ5 സെക്ഷൻ

NO: DDEKNR/7663/2025-A3

APPENDIX H 5

[illegible]

പൊതുവിദ്യാഭ്യാസ വകുപ്പ്
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
കണ്ണൂർ

പാച്ചേനി ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ.മുഹമ്മദ് അൻസാരി.വി.എച്ച് നെ സേവനത്തിൽ നിന്ന് നീക്കം ചെയ്ത ഉത്തരവ് പത്രത്തിൽ പ്രസിദ്ധീകരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് സർക്കാർ വെബ് സൈറ്റ് പരിശോധിക്കുക

kerala.gov.in/Notice board/disciplinary action

notice board. kerala. gov. in / others / Disciplinary Action.

Digitally signed by
SHAINI D
Date: 26-04-2026
12:55:34

വിദ്യാഭ്യാസ ഉപഡയറക്ടർ
കണ്ണൂർ